LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി നഗരസഭയിലെ സമഗ്ര കുടിവെള്ള പദ്ധതി

104 (1473) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൊന്നാനി നഗരസഭയിലേക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഇത് എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ടോ ;

(ഡി) ഗുണഭോക്തൃവിഹിതം ഇതിലേക്ക് അടയ്ക്കേണ്ടതുണ്ടോ ;എങ്കിൽ എത്ര എന്നും ഇവ അടച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. ട്രാൻസിഷൻ ഫെയിസിലുൾപ്പെടുത്തി അംഗീകാരത്തിനായി പൊന്നാനി നഗരസഭ സമർപ്പിച്ച 66.2 കോടി രൂപ അടങ്കലുള്ള പദ്ധതി കേന്ദ്ര നഗരകാര്യവകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭിക്കുകയുണ്ടായില്ല.

ചാലക്കുടി നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

105 (1474) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ ;

(ബി) ചാലക്കുടി നഗരസഭയിൽ എത്ര കുടുംബങ്ങൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നഗരസഭകളിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?